ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). കേന്ദ്ര സർക്കാരിന്റെ ദീർഘവീക്ഷണം രാജ്യത്തെ യുവാക്കളുടെ ഭാവി ശോഭനമാക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. റോസ്ഗാർ മേളയുടെ ഭാഗമായി 51,000 യുവജനങ്ങൾക്ക് പ്രധാനമന്ത്രി നിയമന ഉത്തരവുകൾ കൈമാറി.

**PM Modi said that the government is committed to provide employment opportunities to the country's youth. Prime Minister today distributed more than 51 thousand appointment letters to newly appointed youths in various government departments and organizations.**

2) രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും ആയുഷ്മാൻ ഭാരത് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന നിർണായക പ്രഖ്യാപനം പ്രധാനമന്ത്രി അൽപസമയത്തിനകം നിർവഹിക്കും.

**The Prime Minister will launch the expansion of health coverage to all senior citizens aged 70 years and above as a major addition to the Ayushman Bharat Pradhan Mantri Jan Arogya Yojana in New Delhi today.**

3) സർദാർ വല്ലഭ് ഭായ് പട്ടേൽ ജന്മവാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച

റൺ ഫോർ യൂണിറ്റി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഫ്ലാഗ് ഓഫ് ചെയ്തു.

**Union Home Minister, Amit Shah flagged off the 'Run for Unity' at Major Dhyan Chand National Stadium in New Delhi this morning**

4) എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ¬ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ നൽകിയ മുൻകൂർ ജാമ്യ അപേക്ഷ തള്ളി തലശ്ശേരി സെഷൻസ് കോടതി.

**Kerala Court denied anticipatory bail to former Kannur District Panchayat President P P Divya who is facing suicide abetment charge in connection with the death of Kannur ADM Naveen Babu.**

5) കാസർഗോഡ് നീലേശ്വരത്ത് ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റ നാല് പേരുടെ നില ഗുരുതരം. നൂറോളം പേർ ചികിൽസയിൽ.

**In Kerala, over 150 persons suffered burn injuries when crackers stored in connection with a temple festival caught fire and exploded at Neeleshwaram in Kasargod district around midnight last.**

6) ഇന്ത്യ-ന്യൂസിലാൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാനത്തെ മത്സരം ഇന്ന്.

**In Women's Cricket, 3rd and final ODI between India and New Zealand to be played in Ahmedabad this afternoon.**

$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**PM ROZGAR MELA (INTRO)**

രാജ്യത്തെ യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിൽ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്രസർക്കാർ ജോലികളിൽ പ്രവേശനം നേടിയ 51,000 യുവജനങ്ങൾക്ക് റോസ്ഗാർ മേളയുടെ ഭാഗമായി നിയമന ഉത്തരവുകൾ വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

കേന്ദ്ര സർക്കാരിന്റെ ദീർഘവീക്ഷണം രാജ്യത്തെ യുവാക്കളുടെ ഭാവി ശോഭനമാക്കിയതായും അദ്ദേഹം പറഞ്ഞു. . അടിസ്ഥാന സൗകര്യവികസനത്തിൽ രാജ്യം കൈവരിക്കുന്ന നേട്ടം മറ്റ് മേഖലകളിലും പ്രതിഫലിക്കുന്നതായും ശ്രീ മോദി ചൂണ്ടിക്കാട്ടി.

**ഹോൾഡ് (വോയിസ്)**

രാജ്യത്തെ 40 കേന്ദ്രങ്ങളിലാണ് ഇന്ന് റോസ്ഗാർ മേള നടന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം രാഷ്ട്രനിർമ്മാണത്തിൽ ഭാഗഭാക്കാകാൻ യുവാക്കൾക്ക് അവസരം നൽകുകയാണ് മേളയുടെ ലക്ഷ്യം. പുതുതായി നിയമിതരായവർക്ക് കർമ്മയോഗി പോർട്ടൽ മുഖേന അടിസ്ഥാന പരിശീലനവും ഉറപ്പു വരുത്തും.

$$$$$$$$$$$$$$$$$$$$$$$$$$$$

**ROZGAR MELA - KERALA**

യുവാക്കൾക്ക് തൊഴിൽ നൽകി ശക്തവും സമൃദ്ധവുമായ ഇന്ത്യ കെട്ടിപ്പടുക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ചിരാഗ്

പാസ്വാൻ . ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച തൊഴിൽ മേളയിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യത്ത് തൊഴിൽ സൃഷ്ടിക്കുന്നതിൽ റോസ്ഗാർ മേളയുടെ പങ്ക് വളരെ വലുതാണെന്നും പുതുതായി നിയമിതരായവർക്ക് നിയമന ഉത്തരവുകൾ കൈമാറിക്കൊണ്ട് കേന്ദ്രമന്ത്രിപറഞ്ഞു.

കൊച്ചിയിൽ നടന്ന റോസ്ഗാർ മേളയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. കഠിന പരിശ്രമം യുവജനങ്ങളുടെ ഭാവിയെ മാത്രമല്ല, രാജ്യത്തിൻറെ ഭാവിയെ കൂടി നിർണയിക്കുന്ന സുപ്രധാന ഘടകമാണെന്ന് അദ്ദേഹം പറഞ്ഞു . സമൂഹത്തെ മികച്ച രീതിയിൽ സേവിക്കാനുള്ള അവസരമായി ഇതിനെ കരുതണമെന്നും പുതുതായി നിയമനം ലഭിച്ചവരോട് ശ്രീ സുരേഷ്ഗോപി ആഹ്വാനം ചെയ്തു. ചടങ്ങിൽ 135 ഉദ്യോഗാർത്ഥികൾക്ക് അദ്ദേഹം നിയമന ഉത്തരവുകൾ വിതരണം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

### PM Healthcare

രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർണായക പ്രഖ്യാപനം പ്രധാനമന്ത്രി നരേന്ദ്രമോദി **അൽപസമയത്തിനകം നിർവഹിക്കും.** വരുമാന പരിധി പരിഗണിക്കാതെ, 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരിലേക്കും ആയുഷ്മാൻ ഭാരത് പരിരക്ഷ വ്യാപിപ്പിക്കുന്ന സുപ്രധാന ചുവടുവെയ്പിനാണ് ഇന്ന് **തുടക്കമാവുന്നത്.** ഒൻപതാമത് ആയുർവേദ ദിനാചരണത്തിൻറെയും, ധന്വന്തരി ജയന്തിയുടെയും ഭാഗമായി ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ 12850 കോടി രൂപയുടെ ആരോഗ്യ പദ്ധതികൾക്കും പ്രധാനമന്ത്രി **തുടക്കം കുറിക്കും.** ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ രണ്ടാം ഘട്ടം, മധ്യപ്രദേശിലെ പുതിയ മൂന്ന് മെഡിക്കൽ കോളേജുകൾ, എയിംസ് സേവന വിപുലീകരണം എന്നിവ പ്രധാനമന്ത്രി ഉദ്ഘാടനം **ചെയ്യുന്ന** പദ്ധതികളിൽ ഉൾപ്പെടുന്നു. ഗർഭിണികളുടെയും, ശിശുക്കളുടെയും വാക്സിനേഷൻ പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള യു-വിൻ പോർട്ടലിന്റെ പ്രകാശനവും ശ്രീ മോദി ചടങ്ങിൽ **നിർവഹിക്കും.** ആരോഗ്യ സേവന

വിദഗ്ധരുടെയും, സ്ഥാപനങ്ങളുടെയും കേന്ദ്രീകൃത പോർട്ടലിനും പ്രധാനമന്ത്രി **തുടക്കം കുറിക്കും.**

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**RUN FOR UNITY (INTRO)**

സർദാർ വല്ലഭ് ഭായ് പട്ടേൽ ജന്മവാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ നടന്ന റൺ ഫോർ യൂണിറ്റി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഫ്ലാഗ് ഓഫ് ചെയ്തു. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സൃഷ്ടിക്കായി നാട്ടുരാജ്യങ്ങളെ സംയോജിപ്പിക്കുന്നതിൽ സർദാർ വല്ലഭ് ഭായ് പട്ടേൽ വഹിച്ച നിസ്തുലമായ പങ്കിനെ ശ്രീ അമിത് ഷാ ചടങ്ങിൽ അനുസ്മരിച്ചു.

(ഹോൾഡ്)

റൺഫോർ യൂണിറ്റി ഇന്ത്യയുടെ ഐക്യത്തോടൊപ്പം, വികസിത ഭാരതമെന്ന പ്രമേയം കൂടി ഉൾക്കൊള്ളുന്നതായും അദ്ദേഹം പറഞ്ഞു. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ ഇന്ന് റൺ ഫോർ യൂണിറ്റി സംഘടിപ്പിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$

**Election JH MH**

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനായും, ഝാർഖണ്ഡ് രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനായും നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിലാണ് നവംബർ 20 ന് ഒറ്റഘട്ടമായി വോട്ടെടുപ്പ് നടക്കുന്നത്. 3,259 സ്ഥാനാർത്ഥികൾ ഇതിനകം പത്രിക സമർപ്പിച്ചു. ഝാർഖണ്ഡിലെ 38 മണ്ഡലങ്ങളിലാണ് അടുത്ത മാസം 20 ന് രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്നത്. ഇതിനകം 632 സ്ഥാനാർത്ഥികൾ ഇവിടെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ നടക്കും. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം ഝാർഖണ്ഡിൽ നവംബർ 1 വരെയും മഹാരാഷ്ട്രയിൽ നവംബർ 4 വരെയുമാണ്. അടുത്ത മാസം 23 നാണ് വോട്ടെണ്ണൽ.

$$$$$$$$$$$$$$$$$$$$$$$$$$$

**KERALA ELECTION**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ അവസാനിക്കും. ഇന്നലെ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലുമായി 35 പത്രികകളാണ് സ്വീകരിച്ചത്. അതേസമയം, മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണം സജീവമായി തുടരുകയാണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...........

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**PP DIVYA**

എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി പി ദിവ്യ നൽകിയ മുൻകൂർ ജാമ്യ അപേക്ഷ തലശ്ശേരി ജില്ലാ സെഷൻസ് കോടതി തള്ളി. കോടതി നടപടി ആരംഭിച്ച ഉടനെ തന്നെ മുൻകൂർ ജാമ്യ അപേക്ഷ തള്ളിയതായി ജഡ്ജി കെ .ടി. നിസാർ അഹമ്മദ് പ്രഖ്യാപിക്കുകയായിരുന്നു. സെഷൻസ് കോടതി വിധിക്കെതിരെ പി.പി ദിവ്യ ഹൈക്കോടതിയെ സമീപിച്ചേക്കുമെന്നാണ് സൂചനകൾ. ആശ്വാസകരമായ വിധിയാണെന്നും, പിപി ദിവ്യയെ അറസ്റ്റ് ചെയ്യണമെന്നും നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ പ്രതികരിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**KASARGOD**

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർക്കാവ് കളിയാട്ട മഹോൽസവത്തിനിടെ പടക്കങ്ങൾ സൂക്ഷിച്ചിരുന്ന സ്ഥലത്ത് ഉണ്ടായ

പൊട്ടിത്തെറിയിൽ 150- ലേറെപ്പേർക്ക് പരിക്കേറ്റു. നാല് പേരുടെ നില അതീവ ഗുരുതരമാണ്. ഇന്നലെ അർദ്ധരാത്രിയോടെയാണ് അപകടമുണ്ടായതത്. സംഭവത്തിൽ എട്ട് ക്ഷേത്രഭാരവാഹികൾക്കെതിരെ പോലീസ് കേസെടുത്തു. നിയമപരമായി അനുമതിയും ലൈസൻസും ഇല്ലാതെയാണ് വെടിക്കെട്ട് നടത്തിയതെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. .

$$$$$$$$$$$$$$$$$$$$$$$$$$$

**DELHI POLLUTION**

ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുന്നു. ദേശീയ മലിനീകരണ നിയന്ത്രണബോർഡിന്റെ കണക്കനുസരിച്ച് ഇന്ന് ഡൽഹിയിൽ വായു ഗുണ നിലവാര സൂചിക 275 ആണ് രേഖപ്പെടുത്തിയത്. ഡൽഹിയിലെ പല പ്രദേശങ്ങളും പുകമഞ്ഞ് മൂടിയ സ്ഥിതിയിലാണ് .

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**INDIA – NZ WOMEN CRICKET**

അഹമ്മദാബാദിൽ നടക്കുന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. മൂന്ന് മത്സരങ്ങളുടെ പരമ്പരയിൽ ഓരോ മത്സരം വീതം വിജയിച്ച് ഇരു ടീമും സമനിലയിലാണ്. ഉച്ചയ്ക്ക് 1.30-ന് മത്സരം ആരംഭിക്കും.

$$$$$$$$$$$$$$$$$$$$

$$$$$$$$$$$

$$$$$$$